(ബി) സർക്കാർ ഉത്തരവ് (എം.എസ്.) 177/87/പൊ.വി. തീയതി 22-8-1987 സ. ഉ. (എം. എസ്) 11/02/പൊ.വി. തീയതി 7-1-2002, സ.ഉ.(പി) 83/2003/ പൊ.വി. തീയതി 3-4-2003 എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മുൻ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ് ടു സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം

173 (2899) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ പ്ലസ് ടു സ്കൂളുകൾ ഉണ്ട് ;

(ബി) ഈ സ്കൂളുകളിലെ പ്രിൻസിപ്പൽമാരെ നിയമിക്കാൻ സർക്കാർ ഭാഗത്തു നിന്നും നടപടികൾ ഉണ്ടാകുമോ ;

(സി) അവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ് ;

(ഡി) ജോയിനിംഗ് ടൈം മാനദണ്ഡമായി സ്വീകരിച്ചാൽ ധാരാളം ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പ്ലസ് ടു സ്പെഷ്യൽ റൂൾസ് പ്രകാരം 12 വർഷം എച്ച്. എസ്.എ. സർവ്വീസും 5 വർഷം പ്ലസ് ടു സർവ്വീസും അല്ലെങ്കിൽ രണ്ടും കൂടി 17 വർഷം സർവ്വീസും പ്രിൻസിപ്പൽ നിയമനത്തിന് ക്വാളിഫൈഡ് സർവ്വീസ് പറഞ്ഞിരിക്കെ അതിന് വിപരീതമായി ജോയിനിംഗ് ടൈം മാനദണ്ഡമായി സ്വീകരിച്ച് പ്രിൻസിപ്പൽ നിയമന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 416 സർക്കാർ പ്ലസ് ടു സ്കൂളുകൾ ഉണ്ട്.

(ബി) പ്രിൻസിപ്പൽമാരുടെ തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ല. തസ്തിക സൃഷ്ടിച്ചതിനുശേഷം നിയമനം നടത്തുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് അനുസരിച്ച്.

(ഡി&ഇ) റഗുലർ നിയമനം നടക്കാത്ത സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട്

174 (2900) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി 1998 മുതൽ നിയമനം ലഭിച്ചവർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പി.എഫ്. തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നതെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പി.എഫ്. അക്കൗണ്ട് തുടങ്ങുന്നതിന് ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നോ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നോ എന്തെങ്കിലും അനുമതിയോ ഉത്തരവോ ആവശ്യമുണ്ടോ ;

(ഡി) എങ്കിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(ഇ) മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർക്ക് പി.എഫ്. അക്കൗണ്ട് എത്രയും വേഗം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ഇത് സംബന്ധിച്ച് സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പി.എഫ്. റൂൾസിൽ വരുത്തേണ്ടതായ ചില ദേഭഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുത്ത് പി. എഫ്. പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പുതിയ തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

175 (2901) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ മാത്രമായി എത്ര അനദ്ധ്യാപകരാണ് ജോലി ചെയ്യുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഹൈസ്കൂളുകൾക്ക് ഹയർ സെക്കണ്ടറി അനുവദിച്ചപ്പോൾ അനദ്ധ്യാപകരുടെ എത്ര പോസ്റ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഇവ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഇ) തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly